# കേരള സർക്കാർ

## സംഗ്രഹം

*പൊതുവിദ്യാഭ്യാസം - എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണ്ണയം - ഗ്രേഡിംഗ് സമ്പ്രദായം 2005 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷ മുതൽ ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.*

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

ജി.ഒ.(പി.)/ 53 /2004/പൊതു.വി.വ. തിരുവനന്തപുരം, തിയതി, 4.2.2004

---

പരാമർശം :- 1. 31.8.2002 ലെ ജി.ഒ.(പി) 256/2002/പൊ.വി.വ.നമ്പർ ഗവൺമെന്റ് ഉത്തരവ്

2. 28.1.2002 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ക്യൂ.ഐ.പി.59336/2003/ ഡി.പി.ഐ.നമ്പർ കത്ത്.

# ഉത്തരവ്

എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് പുതിയ പരീക്ഷാസമ്പ്രദായവും ഗ്രേഡിംഗ് രീതിയും ഏർപ്പെടുത്തുന്നതിനും 2004-2005 അദ്ധ്യയനവർഷം മുതൽ നിലവിൽ വരുത്തുന്നതിനും പരാമർശം ഒന്നു പ്രകാരം ഗവൺമെന്റ് ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

സെക്കന്ററി തലത്തിലെ കുട്ടികളുടെ ബഹുമുഖമായ കഴിവുകൾ വിലയിരുത്തുന്നതിന് ഉതകുന്ന രീതിയിൽ വേണം ഗ്രേഡിംഗ് നടപ്പിലാക്കേണ്ടതെന്ന് പരാമർശത്തിലെ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. മൂല്യനിർണ്ണയരീതിയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തുന്നതിനായി എൻ.സി.ഇ.ആർ.ടി.യുടെ ആഭിമുഖ്യത്തിൽ ശിൽപ്പശാലകളും സെമിനാറുകളും നടത്തുകയുണ്ടായി. കൂടാതെ ഈ വിഷയം സംസ്ഥാനതലത്തിൽ എസ്.സി.ഇ.ആർ.ടി.യുടെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസതൽപ്പരരായ വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുകയുമുണ്ടായി. പുതിയ മൂല്യനിർണ്ണയരീതിയെ സംബന്ധിച്ചും ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതു സംബന്ധിച്ചും എൻ.സി.ഇ.ആർ.ടി. ഇതിനകം ആധികാരികമായ രേഖകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച ശില്പശാലകളിലൂടെയും സെമിനാറുകളിലൂടെയും ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളും എൻ.സി.ഇ.ആർ.ടി.യുടെ ആധികാരിക രേഖകളും പരിശോധിച്ച് മൂല്യനിർണ്ണയ രീതിയിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചും ഗ്രേഡിംഗ് രീതി നടപ്പിലാക്കുന്നതിനെ സംബന്ധിച്ചും എസ്.സി.ഇ.ആർ.ടി. ഒരു സമീപന രേഖ തയ്യാറാക്കുകയുണ്ടായി. ഈ സമീപനരേഖയെ സംബന്ധിച്ച് വിവിധ തലങ്ങളിൽ ചർച്ച സംഘടിപ്പിച്ചിരുന്നു. ഈ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകൾക്കും അഞ്ചു മുതൽ പത്തുവരെയുള്ള ക്ലാസുകൾക്കും ബാധകമാകുന്ന തരത്തിൽ

മൂല്യനിർണയത്തെ സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കുകയും, അവ ഇതിനകം സ്റ്റേറ്റ് സ്കൂൾ കരിക്കുലം കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമീപന രേഖ നേരത്തെ തന്നെ സർക്കാർ വെബ്സൈറ്റിൽ (w.w.w.keralaedn.org) ലഭ്യമാക്കിയിട്ടുണ്ട്. പരിഷ്ക്കരിച്ച മൂല്യ നിർണയ രീതിയാണ് ഇപ്പോൾ സ്കൂളുകളിൽ നടപ്പിലാക്കി വരുന്നത്. ഈ അധ്യയന വർഷം ഈ രീതി ഒൻപതാം ക്ലാസിൽ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

അടുത്ത വർഷം (2004-2005) പത്താം ക്ലാസിലെ പുസ്തകങ്ങൾ പരിഷ്ക്കരിച്ച് പുതിയ പാഠപുസ്തകങ്ങൾ നിലവിൽ വരുന്നതോടുകൂടി ഈ ക്ലാസ്സിലും പുതുക്കിയ മൂല്യനിർണയ രീതി നടപ്പിലാക്കേണ്ടതുണ്ട്. ഈ രീതിയുടെ വിവിധ വശങ്ങളെക്കുറിച്ച് അധ്യാപകർക്ക് മുൻധാരണയുള്ളതുകൊണ്ട് എസ്. എസ്. എൽ. സി. പരീക്ഷക്കുള്ള മാറ്റം വേഗത്തിൽ ഉൾക്കൊള്ളാൻ സാധിക്കും. എങ്കിലും പൊതു പരീക്ഷ എന്ന നിലയിൽ മൂല്യനിർണയം കുറ്റമറ്റതാക്കുന്നതിന് സമഗ്രമായ പരിശീലനം പത്താം ക്ലാസ്സിലെ അദ്ധ്യാപകർക്ക് നൽകേണ്ടതുണ്ട്. ഇതിനാവശ്യമായ മൊഡ്യൂൾ എസ്. സി. ഇ. ആർ. ടി. തയ്യാറാക്കുന്നുണ്ട്.

പത്താം ക്ലാസ്സിലെ മൂല്യനിർണയം മൂന്നു വിഭാഗങ്ങളിൽ ഉൾപ്പെടുന്നു- പാർട്ട് ഒന്ന്, പാർട്ട് രണ്ട്, പാർട്ട് മൂന്ന്. പാർട്ട് ഒന്നിൽ ഉൾപ്പെടുന്നത് വൈജ്ഞാനിക മേഖലയിലുള്ള കുട്ടികളുടെ ശേഷി വിലയിരുത്തുന്നതിനുള്ള സംഗതികളാണ്. ഐ.റ്റി. ഉൾപ്പെടെ പതിമൂന്നു വിഷയങ്ങൾക്ക് പൊതു പരീക്ഷ നടത്തുന്നതാണ്. ഓരോ വിഷയത്തിനും അൻപതു മാർക്കു വീതം രണ്ടു മണിക്കൂർ വീതമുള്ള എഴുത്തു പരീക്ഷയായിരിക്കും. ഓരോ വിഷയത്തെ സംബന്ധിച്ചും നിരന്തരവും സമഗ്രവുമായ മൂല്യനിർണയം ആവശ്യമാണ്. ഇതിൽ ഓരോ വിഷയത്തിനും ബാധകമായ പ്രോജക്ടുകൾ, അസൈൻമെന്റുകൾ, ക്ലാസ്സ് ടെസ്റ്റുകൾ, പ്രാക്ടിക്കൽ/സെമിനാർ, റെക്കാർഡ്/കളക്ഷൻ എന്നീ ഉപാധികൾ ഉപയോഗിക്കേണ്ടതാണ്. ഇതിൽ ഓരോന്നിനും (ഐ.റ്റി. ഒഴിച്ച്) 20 മാർക്കു വീതം നിശ്ചയിച്ചിട്ടുണ്ട്. ഐ.റ്റി.ക്ക് 10 മാർക്കും പരിഷ്ക്കരിച്ച മൂല്യനിർണയരീതി അനുസരിച്ച് പാർട്ട് ഒന്നിലെ എഴുത്തുപരീക്ഷയ്ക്ക് 650 ഉം വിഷയബന്ധിതമായ ഇന്റേണൽ അസസ്മെന്റിന് 250 മാർക്കും ആയിരിക്കും.

പാർട്ട് രണ്ടിലെ മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുന്ന വിഷയങ്ങൾ -പ്രവർത്തി പരിചയം, കലാപഠനം, ആരോഗ്യവും കായിക വിദ്യാഭ്യാസവും എന്നിവയാണ്. ഇതിലൂടെ സഹവൈജ്ഞാനിക മേഖലയിലുള്ള ശേഷി വിലയിരുത്തപ്പെടുന്നതാണ്. ഓരോ വിഷയത്തിനും 20 മാർക്കാണ് നിശ്ചിയിച്ചിരിക്കുന്നത്. പാർട്ട് ഒന്ന്, പാർട്ട് രണ്ട് എന്നിവയുടെ മൂല്യനിർണ്ണയത്തിന് യഥാക്രമം 9 പോയിന്റ് അബ്സൊല്യൂട്ട് ഗ്രേഡിംഗ് , 5 പോയിന്റ് അബ്സൊല്യൂട്ട് ഗ്രേഡിംഗ് എന്നിവ ഉപയോഗിക്കുന്നതാണ്.

കുട്ടികളുടെ വ്യക്തിത്വ വികസനവും സാമൂഹ്യപരമായ ഉയർച്ചയും വിലയിരുത്തുന്നതിനാണ് പാർട്ട് മൂന്നിലെ മൂല്യനിർണ്ണയം ഉദ്ദേശിക്കുന്നത്. ഇതിന് തെരഞ്ഞെടുത്തിട്ടുള്ള മേഖലകൾ ചുവടെ ചേർക്കുന്നു.

1. സംഘ പ്രവർത്തന നൈപുണി
2. ആശയ വിനിമയ നൈപുണി
3 നേതൃത്വഗുണം
4 കൃത്യനിഷ്ഠ
5 സ്കൂൾ ക്ലബ്ബ് പ്രവർത്തനങ്ങൾ

പാർട്ട് മൂന്നിലെ മൂല്യനിർണ്ണയത്തിന് 5 പോയിന്റ് ഡയറക്ട് ഗ്രേഡിംഗ് രീതിയാണ്. ഓരോ പാർട്ടിലും ഉള്ള ഗ്രേഡിംഗ് സമ്പ്രദായത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.

പത്താം ക്ലാസ്സിലെ കുട്ടികൾക്ക് ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിലാണ് +2 പ്രവേശനം നൽകുക. പാർട്ട് ഒന്നിൽ D+ ഗ്രേഡെങ്കിലും ലഭിച്ച കുട്ടികൾക്കു മാത്രമേ +2 പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. D,E ഗ്രേഡുകൾ ലഭിച്ചവർക്ക് ഗ്രേഡ് മെച്ചപ്പെടുത്തുന്നതിന് പരീക്ഷ എഴുതുവാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. ഗ്രേഡ് പോയിന്റ് അഡ്മിഷന് കണക്കാക്കുന്ന രീതി അനുബന്ധത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

നിലവിലുള്ള പരീക്ഷാസമ്പ്രദായത്തിലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിന് ഗ്രേഡിംഗ് സമ്പ്രദായം ഉപകരിക്കും. ജയം/തോൽവി എന്ന രീതി ഇതോടെ ഇല്ലാതാകും. അശാസ്ത്രീയ മായ മോഡറേഷൻ രീതിക്കും ഗ്രേഡിംഗ് സമ്പ്രദായം നിലവിൽവരുന്നതോടുകൂടി പ്രസക്തി ഇല്ലാതാകും. വിഷയ ബന്ധിതമായി ധാരാളം പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾ ചെയ്യേണ്ടിവ രുന്നത് പുതിയ രീതിയുടെ ഒരു പ്രത്യേകതയാണ്. ബുദ്ധിപരമായ ശേഷികൾ വിലയിരുത്തു ന്നതോടൊപ്പം കുട്ടികളിലെ ഒളിഞ്ഞിരിക്കുന്ന മറ്റു ശേഷികളും കൂടി ഈ സമ്പ്രദായത്തിലൂടെ വിലയിരുത്തപ്പെടുന്നുണ്ട്. അനാരോഗ്യകരമായ മത്സരങ്ങൾ ഈ രീതി നടപ്പിലാക്കുന്നതിലൂടെ ഇല്ലാതാകുന്നതാണ്. അദ്ധ്യാപക വിദ്യാർത്ഥി ബന്ധം മെച്ചപ്പെടുത്തുന്നതിനും ഈ രീതി സഹാ യിക്കും.

**പുതിയ മൂല്യനിർണ്ണയ രീതിയുടെ സവിശേഷതകൾ**

1. എഴുത്തുപരീക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു.
2. വൈജ്ഞാനികമേഖലയ്ക്കൊപ്പം സഹവൈജ്ഞാനികമേഖലയിലെ കഴിവുകളും വില യിരുത്തപ്പെടുന്നു.
3 മാർക്ക് എന്ന ഒറ്റ അളവുകോലിനുപകരം കുട്ടികളുടെ ബഹുമുഖമായ കഴിവുകൾ വില യിരുത്തപ്പെടുന്നു.
4 വർഷാന്ത്യപരീക്ഷയിലൂടെ കുട്ടികളുടെ കഴിവ് വിലയിരുത്തുന്ന പഴയ രീതിക്കുപകരം അദ്ധ്യയനവർഷത്തിൽ ഉടനീളം കഴിവുകൾ വിലയിരുത്തപ്പെടുന്നു.

5 കുട്ടികളുടെ ഓർമ്മ ശക്തിമാത്രം വിലയിരുത്തിയിരുന്ന പഴയ സമ്പ്രായത്തിനുപകരം സമഗ്രമായ കഴിവുകൾ വിലയിരുത്തപ്പെടുന്നു.

6. പരീക്ഷയോടുള്ള കുട്ടികളുടെ ഭയവും ആശങ്കയും ഒഴിവാക്കാൻ സാധിക്കുന്നു.

7 അദ്ധ്യയനവർഷം നഷ്ടപ്പെടാതെ തന്നെ കുട്ടികൾക്ക് ഇംപ്രൂവ് ചെയ്യുന്നതിനുള്ള അവസരം ലഭിക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ 2004 - 2005 അദ്ധ്യയന വർഷം മുതൽ എസ്. എസ്. എൽ. സി.പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗ്രേഡിംഗ് സമ്പ്രദായത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**പി. മാരപാണ്ഡ്യൻ**

സെക്രട്ടറി

*പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം*

*പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം*

*ഡയറക്ടർ, എസ്. സി. ഇ. ആർ.ടി തിരുവന്തപുരം*

*അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ആഡിറ്റ്, കേരള, തിരുവനന്തപുരം)*

*പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും*

*ഡയറക്ടർ, പബ്ളിക് റിലേഷൻസ് വകുപ്പ്*

*വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്*

*സറ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.*